II. അടിയന്തിരപ്രമേയം

നെടുമ്പാശ്ശേരി വിമാനത്താവളത്തിനുമുന്നിൽ നിരാഹാരസത്യാഗ്രഹമനുഷ്ഠിച്ചുവന്ന ഡോ. എം.എ. കുട്ടപ്പൻ എം.എൽ.എ.യെ അറസ്റ്റു ചെയ്തതു സംബന്ധിച്ച്

മി. സ്പീക്കർ : നെടുമ്പാശ്ശേരി വിമാനത്താവളത്തിലെ നിയമനങ്ങളിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിന് അർഹമായ പ്രാതിനിധ്യം ആവശ്യപ്പെട്ട് വിമാനത്താവളത്തിനുമുന്നിൽ നിരാഹാരവ്രതം അനുഷ്ഠിച്ചുവന്ന ഡോ. എം.എ. കുട്ടപ്പനെ ബലം പ്രയോഗിച്ച് നീക്കം ചെയ്യുകയും അറസ്റ്റ് ചെയ്യുകയും ചെയ്തതിനെത്തുടർന്ന് ഉളവായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷം ചട്ടം 50 അനുസരിച്ച് സഭാനടപടികൾ നിർത്തിവച്ചു ചർച്ചചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ ഡൊമിനിക് പ്രസന്റേഷൻ, കെ.പി.എ. മജീദ്, തോമസ് ചാഴികാടൻ, ജോണി നെല്ലൂർ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ ചെയറിന് ഒരു നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സ്പീക്കർ സർ, നെടുമ്പാശ്ശേരി അന്താരാഷ്ട്ര വിമാനത്താവളം സ്വകാര്യമേഖലയിൽ ഉറപ്പിച്ചു നിർത്തുകയെന്ന നയം സ്വീകരിച്ചതിന്റെ ഭാഗമായി അവിടെ നടന്ന നിയമനങ്ങളിൽ സംവരണതത്വം പാലിച്ചിരുന്നില്ല ഒരു ഘട്ടത്തിൽ. ഈ സർക്കാർ പ്രസ്തുത നിലപാടിൽ മാറ്റം വരുത്തി ഈ വിമാനത്താവളത്തെ സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനമാക്കി മാറ്റി. 51% ഓഹരിമൂലധനത്തോടെയുള്ള പൊതുമേഖലാ പ്രാമുഖ്യം ഈ സ്ഥാപനത്തിനുണ്ട്. 21.2.2000-ലെ ഒരു സബ്മിഷനു മറുപടിയായി, ഇതുവരെ നിയമിച്ചിട്ടുള്ള എണ്ണം കണക്കാക്കി അർഹമായ പ്രാതിനിധ്യം സംവരണ വിഭാഗങ്ങൾക്ക് ഈ സ്ഥാപനത്തിൽ ഉറപ്പുവരുത്തുന്നതാണെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. അതനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. നിരാഹാരസത്യാഗ്രഹം അനുഷ്ഠിച്ചുവരുന്ന ഡോ. എം.എ. കുട്ടപ്പൻ എം.എൽ.എ.യുടെ ആരോഗ്യനില മോശമായതിനെത്തുടർന്ന് അദ്ദേഹത്തെ ഇന്നലെ രാത്രി 11.30-ന് എറണാകുളം ജനറൽ ആശുപത്രിയിലേയ്ക്ക് മാറ്റി. സംവരണ പ്രശ്നം സംബന്ധിച്ച് ഡോ. എം.എ. കുട്ടപ്പൻ തന്നെ അദ്ദേഹത്തിന്റേതായ ഒരു കത്ത് എനിക്ക് നൽകിയിരുന്നു. അതിൽ ഒപ്പുണ്ടായിരുന്നില്ല. അതിൽ നിന്നുതന്നെ അദ്ദേഹം പോലും ഇക്കാര്യം വേണ്ടത്ര ഗൗരവമായി എടുത്തിട്ടുണ്ടോയെന്ന് സംശയമാണ്. എന്നാൽ ദളിത്വിഭാഗത്തെ സംബന്ധിക്കുന്ന ഈ പ്രശ്നം അത്യന്തം ഗൗരവത്തോടും അനുഭാവത്തോടുംകൂടിയാണ് സർക്കാർ കാണുന്നത്. അതിൻപ്രകാരം നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. ഈ പ്രശ്നത്തെ അടിസ്ഥാനമാക്കി അവിടെ ഗുരുതരാവസ്ഥ നിലവിലില്ല. അതേ സമയം സർക്കാരിന്റെ നിലപാട് മനസ്സിലാക്കി ഡോ. എം.എ. കുട്ടപ്പൻ നിരാഹാരം പിൻവലിക്കുമെന്നു വിശ്വസിക്കുന്നു അതിനായി അഭ്യർത്ഥിക്കുന്നു.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, അതീവഗുരുതരമായ ഈ പ്രശ്നം വളരെ ലാഘവത്തോടുകൂടി മുഖ്യമന്ത്രി കണ്ടതിൽ എനിക്ക് ദുഃഖമുണ്ട്. ദളിത് വിഭാഗങ്ങളോടുള്ള ഈ സർക്കാരിന്റെ സമീപനമാണ് അങ്ങ് ഇവിടെ പ്രകടിപ്പിച്ചത്. 36 ദിവസമായി അവിടെ സമരം നടക്കുന്നില്ലേ? പൊതുമേഖലാ സ്ഥാപനമായ കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നിയമനങ്ങളിൽ തങ്ങൾക്ക് അവകാശപ്പെട്ട 10% സംവരണം വേണമെന്ന് പറഞ്ഞ് 36 ദിവസം മുമ്പ് ആരംഭിച്ച സമരത്തിന് വളരെ മുമ്പുതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് നിവേദനം തന്നതാണ്. ഇന്നലെ രാത്രി ചില കൊള്ള

LIBRARY ARCHIVES Kerala Legislative Assembly

ക്കാരെ പിടിക്കുന്നതുപോലെയാണ് പോലീസ് അവിടെ എത്തിയത്. 200-ലധികം പോലീസുകാരാണ് അവിടെ ചെന്നത്. എന്തിനാണ് ഇത്രയും വലിയ ബഹളം? അവിടെയുണ്ടായിരുന്ന ദളിത് വിഭാഗങ്ങളിലെ മറ്റ് 50-ഓളം പേരെ ബലമായി അറസ്റ്റ് ചെയ്ത് മാറ്റിയിട്ടാണ് ഡോ. എം.എ. കുട്ടപ്പനെ അറസ്റ്റ് ചെയ്തത്. അദ്ദേഹം മരുന്നു പോലും ഉപേക്ഷിച്ച് ഇപ്പോൾ എറണാകുളം ആശുപത്രിയിൽ നിരാഹാരത്തിലാണ്. ഇതുമൂലം ഉളവായ സ്ഥിതിവിശേഷം ഈ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

1997-ലാണ് ഇത് പൊതുമേഖലാ സ്ഥാപനമായി പ്രഖ്യാപിച്ചത്. ആ വിമാനത്താവളത്തിന്റെ നിയമനങ്ങളിൽ ഇന്നുവരെ സംവരണം കൊടുക്കേണ്ടത് കൊടുത്തിട്ടില്ല. കുറെക്കാലമായി ഈ ആവശ്യം വിമാനത്താവള അധികാരികളുടെ മുന്നിൽ ദളിത് സംഘടനകൾ ഉന്നയിച്ചു വരികയാണ്. അനുകൂല സാഹചര്യം ഉണ്ടാകാത്തതിനെത്തുടർന്ന് ജനുവരി മാസം 17-ാം തീയതി 27 ദളിത് സംഘടനകളുടെ നേതൃത്വത്തിലാണ് ഈ സമരം തുടങ്ങിയത്. അവർക്കു വേറെ മാർഗ്ഗമില്ല. അവർക്ക് രാഷ്ട്രീയമില്ല. അവർക്കു ഭരണകക്ഷി പ്രതിപക്ഷമില്ല. എല്ലാ ദളിത് സംഘടനകളും ഇതിനകത്ത് പങ്കെടുത്തിട്ടുണ്ട്. സമരം തുടങ്ങുന്നതിനു തലേദിവസം ജനുവരി 16-ാം തീയതി സർക്കാർ ഒരു പത്രക്കുറിപ്പ് ഇറക്കി. അവരെ വിളിച്ചില്ല. ആ സമരത്തിനു മുമ്പ് തന്നെ സർക്കാർ പത്രക്കുറിപ്പ് ഇറക്കി. ഇനിയുള്ള നിയമനങ്ങളിൽ സംവരണം നൽകുമെന്നാണ് പറഞ്ഞത്. മുൻകാല പ്രാബല്യത്തെക്കുറിച്ചോ എന്നുമുതൽ നടപ്പിലാക്കുമെന്നോ മുഖ്യമന്ത്രി അന്നും പറഞ്ഞില്ല, ഇപ്പോഴും പറഞ്ഞില്ല. സമരം ആരംഭിച്ച് ഒരു മാസത്തിനുശേഷമാണ് ഡോ. കുട്ടപ്പൻ എം.എൽ.എ നിരാഹാരം ആരംഭിച്ചത്; നമ്മുടെ സമ്മേളനം തുടങ്ങുന്നതിനു തലേദിവസം. ആ സമരം തന്നെ ഒഴിവാക്കാൻ അദ്ദേഹം ശ്രമിച്ചതാണ്. ശ്രീ. ഉമ്മൻചാണ്ടി അവിടെ എത്തിയിരുന്നു. അദ്ദേഹം എം.ഡി.യുമായിട്ട് ചർച്ച ചെയ്തു. എം.ഡി. പറഞ്ഞു, ഞങ്ങൾ ഇത് അംഗീകരിക്കാൻ തയ്യാർ. ഒരാവശ്യമേ അപ്പോൾ അവർ ഉന്നയിച്ചിട്ടുള്ളു. അതൊന്ന് രേഖാമൂലം കൊടുക്കണം. തിരുവനന്തപുരത്ത് മുഖ്യമന്ത്രിയുമായിട്ട് ബന്ധപ്പെട്ട് രേഖാമൂലം എഴുതിക്കൊടുക്കാമെന്ന് എം.ഡി. ഉറപ്പു കൊടുത്തു. മൂന്നുമണിവരെ കാത്തിരുന്നു. എന്താണ് കിട്ടിയത് എന്ന് അറിയാമോ? ഇവിടെ തിരുവനന്തപുരത്ത് സർക്കാർ ഇറക്കിയ ഒരു പത്രക്കുറിപ്പിന്റെ കോപ്പിയാണ് എം.ഡി. കൊടുത്തയച്ചത്. ഇത്ര അവഹേളനം ദളിതരോട് വേണമോ? ദളിതരോട് ഇങ്ങനെയാണോ നിങ്ങളുടെ നിലപാട്? ഇത്രയും ദിവസം സമരം നടത്തിയിട്ട് ആരെങ്കിലും വിളിച്ച് സംസാരിച്ചോ? കളക്ടർ വേണ്ട, തഹസീൽദാരെങ്കിലും വിളിച്ച് സംസാരിക്കണ്ടേ? ഇതാണോ നിങ്ങളുടെ ദളിത് പ്രേമം? അവിടത്തെ പ്രധാനപ്പെട്ട പ്രശ്നം ഇതാണ്. *****†

<u>മി. സ്പീക്കർ</u> : ആ പരാമർശം രേഖയിൽ ഉണ്ടാകുകയില്ല. ആ പരാമർശം രേഖയിൽ നിന്നും നീക്കം ചെയ്യുന്നു. അത് പത്രത്തിലും വരാൻ പാടില്ല.†

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u> : അങ്ങേയ്ക്കെതിരെ പണ്ട് ഡോ. എം.എ. കുട്ടപ്പൻ ഒരു കേസ് കൊടുത്തു എന്നതിന്റെ പക അങ്ങയുടെ മനസ്സിൽ ഇപ്പോഴുമില്ലേ? അതുകൊണ്ടല്ലേ വിളിച്ചു സംസാരിക്കാത്തത്? ഇത് അപകടമാണ്. ഈ പോക്ക് അപകടമാണ് സർ. ഞാൻ ചോദിക്കട്ടെ, വേറെ ഏതെങ്കിലും

---

† സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം നീക്കംചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

ഒരു സംഘടനയാണ് നടത്തിയതെങ്കിൽ മന്ത്രിമാരുടെ ക്യൂ ഉണ്ടാകുമായിരുന്നില്ലേ അവിടെ? എസ്.എഫ്.ഐ. സമരം ചെയ്തപ്പോൾ എത്ര മന്ത്രിമാർ അതു തീർക്കാൻ ഓടിയെത്തി! ഇത്, പാവപ്പെട്ട ദളിതന് ലഭിക്കേണ്ട ന്യായമായ അവകാശത്തിനുവേണ്ടി സമരം ചെയ്യുന്നത് ഈ കേരളത്തിന് ഭൂഷണമാണോ സർ? സമസ്ത മേഖലയിലും ഇൻഡ്യയ്ക്ക് മാതൃക കാട്ടുന്നതാണ് കേരളമെന്ന് അവകാശപ്പെടുന്നു. പക്ഷേ അങ്ങനെയുള്ള കേരളത്തിൽ ഒരു പൊതുമേഖലാ സ്ഥാപനത്തിൽ അവന്റെ സംവരണത്തിനു വേണ്ടി 36 ദിവസമായി നിരാഹാരം കിടന്നിട്ട് തിരിഞ്ഞുനോക്കാത്ത ഈ സർക്കാരിന്റെ ധാർഷ്ട്യം അവസാനിപ്പിക്കണം. ഇന്നലെ രാത്രി വളരെ പ്രകോപനമുണ്ടാക്കിയാണ് പോലീസ് അവിടെ കുഴപ്പങ്ങൾ ഉണ്ടാക്കിയത്. എന്തിന് ഈ രാത്രിയിൽ പോയി? പകൽ പോയി പിടിക്കാമായിരുന്നില്ലേ? ചമ്പൽക്കാട്ടിലെ കൊള്ളക്കാരെ പിടിക്കുന്നതുപോലെ രാത്രി 10 ഇടിവണ്ടികൾ അവിടെ എത്തി പാവപ്പെട്ടവനെ ബലമായി പിടിച്ചുമാറ്റി ഡോ. കുട്ടപ്പനെ അറസ്റ്റ് ചെയ്തു. അദ്ദേഹം ഈ സഭയിലെ ഒരംഗമല്ലേ സർ. അദ്ദേഹം ഇപ്പോഴും നിരാഹാരം തുടരുന്നു. അതുകൊണ്ട് മുഖ്യമന്ത്രി ഇവിടെ പറയണം, ഈ സംവരണം എന്നു മുതൽ ആരംഭിക്കും? മുൻകാല പ്രാബല്യത്തോടുകൂടി എത്രമാസത്തിനകം? അതുപറയണമെന്നു ഞാൻ ആവശ്യപ്പെടുന്നു. 6 മാസത്തിനകം ഈ സംവരണം ഉറപ്പാകുമെന്ന് മുഖ്യമന്ത്രിക്കു പറയാനാകുമോ? അതുപോലെതന്നെ ഈ നേതാക്കൻമാരെ വിളിച്ചു സംസാരിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയ്യാറകണം; അങ്ങയുടെ മർക്കടമുഷ്ടി അവസാനിപ്പിക്കണം. നിരാഹാരം നടത്തുന്ന ദളിത് നേതാക്കളെ അടിയന്തിരമായി വിളിച്ചു സംസാരിച്ച് ഇത് അവസാനിപ്പിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. അത്ര സംഘർഷപൂരിതമായ ഒരു സ്ഥിതിവിശേഷമുള്ളപ്പോൾ, ഈ സഭ നിർത്തിവച്ച് ഇത് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, തീർച്ചയായും സംവരണം നടപ്പിലാക്കുമെന്ന് 21-ാം തീയതി തന്നെ പറഞ്ഞതാണ്. അദ്ദേഹത്തോട് പറഞ്ഞതാണ്. അതു കൂട്ടാക്കാതെ കിടക്കുകയാണ്. 21-ാം തീയതി തന്നെ ഞാൻ പ്രഖ്യാപിച്ച് ഒപ്പു വച്ചിരുന്നു. ഇപ്പോഴും അതിൽത്തന്നെ ഉറച്ചുനിൽക്കുകയാണ്. സംവരണം നടപ്പിലാക്കുമെന്നുതന്നെ ഉറച്ചുനിൽക്കുന്നു.

മി. സ്പീക്കർ : മുഖ്യമന്ത്രിയുടെ പ്രസ്താവനയുടെ വെളിച്ചത്തിൽ അടിയന്തിര പ്രമേയത്തിനുള്ള അനുമതി ചെയർ നിഷേധിക്കുന്നു. ഓർഡർ, ഓർഡർ.

പ്രതിപക്ഷനേതാവ് (ശ്രീ. എ.കെ. ആന്റണി) : സർ, ഈ സഭയിലെ ബഹുമാന്യനായ ഒരംഗം കഴിഞ്ഞ ഒരാഴ്ചയിലേറെയായി നടത്തിക്കൊണ്ടിരിക്കുന്ന നീതിക്കും ന്യായത്തിനുംവേണ്ടിയുള്ള, ഒരു നിരാഹാരസമരം അവസാനിപ്പിക്കുന്നതിനാവശ്യമായ നീക്കങ്ങൾ നടത്താത്തതിൽ ഞങ്ങൾക്ക് ശക്തിയായ പ്രതിഷേധമുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉൾപ്പെടെ ഭരണകക്ഷി ബഞ്ചുകളിലിരിക്കുന്ന മന്ത്രിമാരും പല നിയമസഭാ സാമാജികൻമാരും കേരളത്തിൽ ഒട്ടനവധി തൊഴിലാളി സമരങ്ങൾക്കു നേതൃത്വം കൊടുത്തവരാണ്. സർക്കാരിനെതിരായി, മുതലാളിമാർക്കെതിരായി, കർഷക ജൻമിമാർക്കെതിരായി സമരങ്ങൾക്കു നേതൃത്വം നൽകിയവർ, തൊഴിലാളി സമരങ്ങൾ പ്രഖ്യാപിച്ചു കഴിഞ്ഞാൽ പത്ര പ്രസ്താവനയിൽക്കൂടി അല്ലെങ്കിൽ മറ്റേതെങ്കിലും വേദിയിൽക്കൂടി ആഹ്വാനം നൽകി വിശദാംശങ്ങൾ ചർച്ച ചെയ്യാതെ സമരങ്ങൾ അവസാനിപ്പിച്ച പതിവാണോ നിങ്ങൾക്കുള്ളത്? കേരളം ഇന്ത്യയിലെ ഏറ്റവും പുരോഗമനപരമായ സംസ്ഥാനമെന്നല്ലേ പറയുന്നത്? തൊഴിലാളിക

LIBRARY ARCHIVES Kerala Legislative Assembly

ളുടെ പ്രശ്നങ്ങളായാലും, കർഷകരുടെ പ്രശ്നങ്ങളായാലും, വിദ്യാർത്ഥി പ്രശ്നങ്ങളായാലും, ദരിദ്രരുടെ പ്രശ്നങ്ങളാണെങ്കിലും പ്രത്യക്ഷ സമരങ്ങൾ ഉണ്ടായിക്കഴിഞ്ഞാൽ ആ സമരങ്ങൾ അവസാനിപ്പിക്കുന്നതിനു ചില നടപടി ക്രമങ്ങളുണ്ട്, കീഴ്വഴക്കങ്ങളുണ്ട്, ചില മര്യാദകളുണ്ട്. ആ മര്യാദ ഈ സർക്കാർ പാലിക്കുന്നില്ല. അതുകൊണ്ടാണ് ഈ പ്രശ്നമുണ്ടായത്. നെടുമ്പാശ്ശേരി വിമാനത്താവളം ഉണ്ടായ കാലം മുതൽ അവിടെ സംരണത്തെക്കുറിച്ച് തർക്കമുണ്ടായിരുന്നു. ആദ്യം അതു സഹകാര്യ മേഖലയുടേതാണോ 51 ശതമാനം ഓഹരിയും ഉണ്ട് എന്നുള്ള തർക്കമുണ്ടായിട്ടുണ്ട്. കഴിഞ്ഞ 3 വർഷത്തിലേറെയായി സർക്കാരിന് അവിടെ കൂടുതൽ ഓഹരിയുണ്ടായിക്കൊണ്ടിരിക്കുകയാണ്. എന്നിട്ടും അവിടെ സംവരണമില്ല. ഈ അടുത്ത ദിവസമാണ് സംവരണം നൽകാൻ തീരുമാനമുണ്ടായത്. വർഷങ്ങളായി അവിടെ സംവരണമില്ലായിരുന്നു. ആ സംവരണം ഏർപ്പെടുത്തണം. അതിനു മുൻകാല പ്രാബല്യം കൊടുക്കണം. കേരളത്തിനുവേണ്ടി സംവരണത്തിന് ദളിത് വിഭാഗത്തിനുള്ള പഴയകാല ബാക്ക്ലോഗ് കുറയ്ക്കാൻവേണ്ടി സ്പെഷ്യൽ റിക്രൂട്ട്മെന്റ് ഏർപ്പെടുത്തിയ സംസ്ഥാനമാണ് കേരളം. അപ്പുറത്തിരിക്കുന്നവർക്ക് അതിൽ നേതൃത്വപരമായ പങ്കുണ്ട്. ബഹുമാന്യനായ അച്ചുതമേനോൻ മുഖ്യമന്ത്രിയായിരുന്ന അവസരത്തിൽ, അപ്പുറത്തിരിക്കുന്ന കോൺഗ്രസ്സും മുസ്ലീം ലീഗും കേരളാ കോൺഗ്രസ്സുമെല്ലാം പങ്കാളികളായി ഇൻഡ്യയിലാദ്യമായി ഒരു വിഭാഗത്തിനു സർക്കാർ സർവ്വീസിൽ മതിയായ പ്രാതിനിധ്യമില്ലാതെ വന്നപ്പോൾ മുൻകാലത്തെ കുടിശ്ശിക നികത്താൻവേണ്ടി സ്പെഷ്യൽ റിക്രൂട്ട്മെന്റ് ഏർപ്പെടുത്തിയത് ഇന്ത്യയ്ക്കാകെ മാതൃകാപരമായ നടപടിയാണ്. അങ്ങനെ കീഴ്വഴക്കം സൃഷ്ടിച്ച ഒരു സംസ്ഥാനമാണിത്. ആ കീഴ്വഴക്കത്തിന്റെ തുടർച്ചയെന്നവണ്ണം നെടുമ്പാശ്ശേരി എയർപോർട്ടിൽ ദളിതർക്കുള്ള ആ സംവരണം മുൻകാല പ്രാബല്യത്തോടെ നൽകണമെന്ന ആവശ്യമുന്നയിച്ചത് കോൺഗ്രസോ പി.ഡി.പി.യോ അല്ല. കെ.പി.എം.എസ് ഉൾപ്പെട്ട കേരളത്തിലെ 27 ദളിത് സംഘടനകളുടെ സംയുക്താവശ്യമാണ്. ഭരണകക്ഷിയിൽപ്പെട്ട നിരവധി ദളിത് സംഘടനകൾ ഈ ആവശ്യത്തിന്റെ പിന്നിലുണ്ട്. ഭരണകക്ഷി-പ്രതിപക്ഷ രാഷ്ട്രീയ തർക്കമില്ല. കേരളത്തിലെ ദളിതരുടെ പുതിയ വികാരമാണ്. പ്രത്യേകിച്ച് ഈ സാഹചര്യങ്ങൾ കാണണം. ഒരു വർഷം നീണ്ടുനിന്ന സമരത്തിനുശേഷം ഈ കേരള സംസ്ഥാനത്തിന്റെ ചരിത്രത്തിൽ നമ്മൾ എല്ലാം ലജ്ജിച്ചു തലതാഴ്ത്തേണ്ട നിലയിലുള്ള സംഭവമുണ്ടായിട്ട് ആഴ്ചകളേ ആയിട്ടുള്ളൂ. സചിവോത്തമപുരം കോളനിയിൽ ഒരു വർഷം നീണ്ടുനിന്ന സമരത്തിൽ തക്കസമയത്ത് ഇടപെട്ട് പരിഹാരമുണ്ടാക്കാത്തതിന്റെ പേരിൽ ഈ കേരളമണ്ണിൽ, ശ്രീ. നാരായണഗുരുവും അയ്യങ്കാളിയുമെല്ലാം ജനിച്ച ഈ മണ്ണിൽ, ശ്രീധരൻ എന്നൊരു ദളിതൻ മണ്ണെണ്ണയൊഴിച്ച് ആത്മാഹുതി ചെയ്യേണ്ട സാഹചര്യമുണ്ടായി. അത് കേരളത്തിലെ ദളിത് വിഭാഗത്തിനിടയിൽ, ദളിത് യുവാക്കൻമാരുടെയിടയിൽ ഉണ്ടാക്കിയിരിക്കുന്ന ആശങ്കയും രോഷവും എത്രയാണെന്ന് നിങ്ങൾ മനസ്സിലാക്കണം. ഇന്ന് അവരെല്ലാം പൊട്ടിത്തെറിക്കുന്ന അഗ്നിപർവ്വതം പോലെ മാനസികമായ സംഘർഷത്തിലാണ്. അവർ വീണ്ടും അവരുടെ മാനസിക നില വർദ്ധിപ്പിക്കണമോ? ഒരു പ്രശ്നമുണ്ടായി. 36 ദിവസമായി സമരമാണ്, നിങ്ങൾ ചർച്ചയ്ക്ക് ക്ഷണിച്ചോ? ഏതെങ്കിലുമൊരു ഘട്ടത്തിൽ ചർച്ചയ്ക്ക് തയ്യാറായോ? തൊഴിലാളി സമരങ്ങളോടുള്ള സമീപനം ഇതാണോ? 36 ദിവസം സമരം ചെയ്തു, ചർച്ചയില്ല. ഗത്യന്തരമില്ലാതെയാണ് ഡോക്ടർ എം.എ. കുട്ടപ്പൻ നിരാഹാരസമരം ആരംഭിച്ചത്. ഏഴു ദിവസമായി, കുട്ടപ്പനെ നിങ്ങൾ അറസ്റ്റു ചെയ്തു. അദ്ദേഹം നിരാഹാരം തുടരുകയാണ്. കുട്ടപ്പൻ രോഗിയാണ്. അദ്ദേഹം നിരാഹാരം ആശുപത്രിയിലും തുടരുകയാണ്. ദളിത് സംഘടനകളെല്ലാം സമരാങ്കണത്തി-

LIBRARY ARCHIVES Kerala Legislative Assembly

ലേയ്ക്കു നീങ്ങാൻ പോകുകയാണ്. ഇന്നലെ സെക്രട്ടറിയേറ്റ് പടിക്കൽ 27 ദളിത് സംഘടനകൾ ഉപവാസമായിരുന്നു. അതിൽ രാഷ്ട്രീയമില്ല. ഭരണകക്ഷി-പ്രതിപക്ഷ രാഷ്ട്രീയമില്ല. കേരളമൊട്ടാകെ ഇന്ന് സമരാങ്കണത്തിലേയ്ക്ക് നീങ്ങുകയാണ്. അത് അവസാനിപ്പിക്കണ്ടേ? ഇനിയും സചിവോത്തമപുരം കോളനിയിലെപ്പോലെ സംഭവങ്ങൾ ആവർത്തിക്കണമോ? കേരളത്തെ അങ്ങനെ ദളിതൻമാരുടെ ആത്മാഹുതി ചെയ്യുന്ന സംസ്ഥാനമാക്കി മാറണമോ? ഇതിന് പരിഹാരമുണ്ടാക്കണ്ടേ? നമുക്ക് ഇത് ഭരണകക്ഷി-പ്രതിപക്ഷ തർക്കമായിട്ട് മാറ്റണമോ? സർക്കാരിനെ മുട്ടുകുത്തിക്കാനുള്ള സമരമല്ല. രാഷ്ട്രീയമായിട്ടുള്ള സമരമല്ല. ഞങ്ങളിവിടെ പല സമരങ്ങൾ നടത്തിയതല്ലേ? ആ സമരങ്ങളിലെല്ലാം വിദ്യാഭ്യാസ മന്ത്രി ശ്രീ. പി.ജെ. ജോസഫ് എത്ര സമരം അവസാനിപ്പിക്കാൻ പോയി? മുഖ്യമന്ത്രിയുടെ പ്രതിനിധിയായി എവിടെയെല്ലാം പോയിട്ടുണ്ട്? ശ്രീ. വി.പി. രാമകൃഷ്ണപിള്ള മുഖ്യമന്ത്രിയുടെ പ്രതിനിധിയായി എവിടെയൊക്കെ പോയിട്ടുണ്ട്? ശ്രീ. ശർമ്മ മുഖ്യമന്ത്രിയുടെ പ്രതിനിധിയായി എവിടെയെല്ലാം പോയിട്ടുണ്ട്? ശ്രീ. ശിവദാസമേനോൻ മുഖ്യമന്ത്രിയുടെ പ്രതിനിധിയായി അനൗപചാരികമായി എവിടെയൊക്കെ പോയിട്ടുണ്ട്? ടാക്സിക്കാറിൽ അദ്ദേഹം പോയിട്ടില്ലേ? ഡോ. കുട്ടപ്പൻ ഇവിടെ നിരാഹാരം കിടക്കുകയാണ്. ശ്രീ. ശർമ്മ നെടുമ്പാശ്ശേരി വിമാനത്താവള ഡയറക്ടർ ബോർഡ് മെമ്പർ കൂടിയാണ്. അവിടത്തെ ഓഫീസേഴ്സിന്റെ അടിയന്തിര ചർച്ചയും വന്നില്ലല്ലോ? മുഖ്യമന്ത്രിയുടെ പ്രതിനിധിയായി ശ്രീ. ശർമ്മയെ എറണാകുളത്തേയ്ക്ക് അയയ്ക്കണം. ഡോ. കുട്ടപ്പനുമായി ചർച്ച ചെയ്യണം, പ്രശ്നം അവസാനിപ്പിക്കണം. ശ്രീ. ശർമ്മയ്ക്ക് അസൗകര്യമുണ്ടെങ്കിൽ വേറെയേതെങ്കിലും മന്ത്രിയെ അയയ്ക്കണം. മന്ത്രിമാരെ അയയ്ക്കാൻ നിങ്ങൾക്ക് താൽപ്പര്യമില്ലെങ്കിൽ ഈ സർക്കാരിന്റെ പ്രതിനിധിയെ ഏതെങ്കിലും ഉത്തരവാദപ്പെട്ട ആളെ അയയ്ക്കണം. മന്ത്രിമാർ പോകുന്നതാണ് മാന്യത. മറ്റുള്ള ജനവിഭാഗങ്ങളുടെ സമരങ്ങളിൽ മന്ത്രിമാരെ അയച്ച് ഒത്തുതീർപ്പുണ്ടാക്കിയ ഗവൺമെന്റിന് ദളിത് സമരത്തിൽ മന്ത്രിമാരെ അയയ്ക്കാൻ പ്രയാസമുണ്ടാവില്ല. മന്ത്രിമാരുടെ താഴെയുള്ളവരെ അയയ്ക്കില്ല എന്നു ഞാൻ വിശ്വസിക്കുന്നു. അങ്ങനെയൊരു സമീപനം ഗവൺമെന്റിൽനിന്നും ഇച്ഛിക്കുന്നില്ല. ഏതെങ്കിലും ഒരു മന്ത്രിയെ പറഞ്ഞയയ്ക്കണം. മന്ത്രിയെ പറഞ്ഞയച്ച് ബഹുമാനപ്പെട്ട കുട്ടപ്പനുമായി ചർച്ച ചെയ്യണം. ചർച്ച ചെയ്ത് പ്രശ്നം അവസാനിപ്പിക്കണം. ആ പ്രശ്നം അവസാനിപ്പിക്കാൻ സഹായകരമായ നിലപാട് അങ്ങോട്ടും സ്വീകരിക്കാം. കേരളത്തിലെ ദളിത് വിഭാഗത്തിന്റെ - പട്ടികജാതി വിഭാഗത്തിന്റെ - ഒരു വലിയ സമരമായി വളർത്തിയെടുക്കരുത്. സചിവോത്തമപുരം പോലെയുള്ള പ്രശ്നങ്ങളിൽനിന്നും കേരളത്തെ പിന്തിരിപ്പിക്കാൻവേണ്ടി മിതമായ ഒരാവശ്യമാണ് പറയുന്നത്. മുഖ്യമന്ത്രിക്ക് ഇനിയും അതേപ്പറ്റി ആലോചിക്കാം. ഒരു മന്ത്രിയെ എറണാകുളത്തേക്ക് അയച്ച് ഈ പ്രശ്നം ചർച്ച ചെയ്ത് പരിഹരിക്കാൻ തയ്യാറാകണം. ഈ പ്രശ്നം അവസാനിപ്പിക്കണം. നമ്മുടെ സഹപ്രവർത്തകൻ, ഒരു എം.എൽ.എ, ഒരാഴ്ചയായി നിരാഹാരം കിടക്കുന്നു. .ഇന്ന് 8-ാമത്തെ ദിവസമാണ്. ഇതേ ദിവസങ്ങളിൽ നമ്മൾ നിയമസഭ കൂടിക്കൊണ്ടിരിക്കുന്നതുതന്നെ നമുക്കൊക്കെ പ്രശ്നങ്ങളും പ്രയാസങ്ങളുമുണ്ടാക്കുകയാണ്. അതുകൊണ്ട് ഈ പ്രശ്നം ദളിത് വിഭാഗത്തിന്റെ മാത്രം പ്രശ്നമായി കാണരുത്. ഏതെങ്കിലും ഒരു മന്ത്രിയെ എറണാകുളത്തേയ്ക്ക് അയച്ച് ഈ പ്രശ്നം ചർച്ച ചെയ്ത് ഗണ്യമായ ഒരു പരിഹാരമുണ്ടാക്കണം. ഇതിനെക്കുറിച്ച് വ്യക്തമായ ഉറപ്പുകളെ സംബന്ധിച്ച് അവരോട് സംസാരിക്കണം. അതാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇപ്പോഴും മുഖ്യമന്ത്രി അതിനെക്കുറിച്ച് ഉത്തരം നൽകാതെ മൗനിയായി വളരെ നിർവികാരനായി ഇരിയ്ക്കുന്നതിൽ എനിക്ക്

LIBRARY ARCHIVES Kerala Legislative Assembly

ദുഃഖമുണ്ട്: ഈ നിലപാടിൽ പ്രതിഷേധിച്ചുകൊണ്ട് ഞങ്ങൾ വാക്കൗട്ട് നടത്തുന്നു.

(പ്രതിപക്ഷ നേതാവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

<u>ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ</u> : സർ, സൂചികൊണ്ട് എടുക്കേണ്ടതെന്തും തൂമ്പ കൊണ്ടേ എടുക്കൂ എന്നു നിങ്ങൾ ശാഠ്യം പിടിച്ചാൽ ഒരു രക്ഷയുമില്ല. ഈ പ്രശ്നം സത്യത്തിൽ ഇന്നലെ ഇവിടെ ചർച്ചയ്ക്കു വന്നു. എന്തുകൊണ്ടാണ് നിങ്ങൾക്ക് ഒരു ഇനിഷ്യേറ്റീവ് എടുത്തുകൂടാത്തത്? ഒരു എം.എൽ.എ നിരാഹാര സമരത്തിൽ നിൽക്കുന്ന സമയത്ത് ഈ സഭയിൽ ചർച്ചയ്ക്കു വന്നിട്ടുപോലും ഒരു മുൻകൈയെടുത്ത് ആ പ്രശ്നം തീർക്കാൻ നിങ്ങൾ സമ്മതിക്കാത്തത് നിങ്ങളുടെ ഒരു ദുരഭിമാനമല്ലേ? എത്ര കഷ്ടമാണ്! ഇവിടെ പ്രതിപക്ഷ നേതാവ് ചൂണ്ടിക്കാണിച്ചു, ഇന്ത്യൻ ഭരണഘടന നൽകിയിട്ടുള്ള ഒരു ഉറപ്പ്. ആ ഉറപ്പ് പ്രകാരം ഇവിടെക്ക് വരണം പാലിക്കപ്പെടാത്തത് നികത്താൻ വേണ്ടി ബാക്ക്ലോഗ് തീർക്കാൻ വേണ്ടി, സ്പെഷ്യൽ റിക്രൂട്ട്മെന്റ് പോലും നടത്തിയ ഈ സംസ്ഥാനത്തെ ഒരു എം.എൽ.എയ്ക്ക് സംവരണത്തെ സംബന്ധിച്ച കാര്യത്തിൽ നിരാഹാരം കിടക്കേണ്ട ഗതികേട് വന്നുവെങ്കിൽ ഈ സംസ്ഥാനത്തിന് ഈ കാര്യത്തിൽ നമ്മളൊക്കെ ദുഃഖിക്കേണ്ടവരാണ്, ലജ്ജിക്കേണ്ടവരാണ്. നിങ്ങൾ ഈ കാര്യത്തിൽ ദുരഭിമാനം കാണിക്കുന്നത് എന്തിനാണ്? ഇതിൽ മറ്റൊരു പ്രശ്നം കൂടിയുണ്ട്. ഞാൻ ബഹു. മുഖ്യമന്ത്രിയോട് പറയട്ടെ, നിങ്ങൾ എന്തിനാണ് ഈ സംവരണത്തിൽ മായം ചേർക്കുന്നവരെ വെറുതെ വിടുന്നത്? ഏതെങ്കിലും രണ്ടെണ്ണത്തിന്റെ പേരിൽ നടപടിയെടുത്തുകൂടേ? ഇതൊരു സ്ഥിരം സുഖക്കേടാണല്ലോ ഇവിടെ. ഇവിടെയിപ്പോൾ എസ്.സി/എസ്.റ്റി സംവരണമാണെങ്കിലും ശരി, ബാക്ക്വേഡ് കമ്മ്യൂണിറ്റിയുടെ സംവരണമാണെങ്കിലും ശരി, കുറച്ച് ഉദ്യോഗസ്ഥൻമാർ കൂടിയാൽ അവർക്ക് അതിൽ മായം ചേർക്കാം എന്നാണ്. ഇത് നിരന്തരമായി നടത്തുന്ന സംഗതിയാണ്. നിങ്ങൾക്ക് സത്യസന്ധതയുണ്ടെങ്കിൽ ഈ മായം ചേർക്കുന്ന ഉദ്യോഗസ്ഥൻമാർ, ഇന്ത്യൻ ഭരണഘടന കൊടുത്തിട്ടുള്ള അവകാശത്തെ നിഷേധിക്കുന്നവർ, ആരാണെന്നു കണ്ടുപിടിച്ച് അവരിൽ രണ്ടെണ്ണത്തിന്റെ പേരിൽ മാതൃകാപരമായി നടപടിയെടുത്താൽ ആ സംഭവം നമ്മുടെ രാജ്യത്തുണ്ടാകുമോ? അത് എന്താണ് നിങ്ങൾ ചെയ്യാത്തത് എന്ന് ഞാൻ ചോദിക്കുകയാണ്. മാത്രമല്ല, ഇത്തരം കാര്യത്തിൽ നിങ്ങൾക്കൊരു സമീപനം ഉണ്ടാകണം. സമരമുണ്ടാകും. ആ സമരമുണ്ടാകുന്ന സമയത്ത് സംസാരിച്ചു തീർക്കാനാകാത്തവണ്ണം എന്തു ദുരഭിമാനമാണ്! ഒരു മാസം സമരം നടന്നു. ജനുവരി 17-ാം തീയതിയാണ് സമരം തുടങ്ങിയത്. പിന്നെയാണ് എം.എൽ.എ സമരത്തിനു പോകുന്നത്. ആ എം.എൽ.എ സമരത്തിനു പോയാൽ ഒരു വട്ടമേശയ്ക്കു ചുറ്റുമിരുന്നിട്ട് എന്താണ് പ്രശ്നം എന്ന് പറഞ്ഞ് തീർക്കുന്നതിനുപകരം നിങ്ങൾ വിചാരിക്കുന്നത് എന്താണെന്നറിയാമോ? വല്ലവനും സമരം ചെയ്താൽ, കുമ്പിട്ട് നമ്മുടെ മുമ്പിൽ നിന്നാൽ നമ്മളങ്ങു തീർക്കും. ആ ഒരു സമീപനം ശരിയല്ല. അതുകൊണ്ട് പ്രത്യേകിച്ചും ജനാധിപത്യ സംവിധാനത്തിൽ ഇത്തരം കാര്യങ്ങൾ ശരിയല്ല. ഇതുപോലുള്ള സംഗതി ചർച്ചയ്ക്കു വന്നാൽ പല ഗുണമുണ്ട്. ഇതു ചർച്ചക്കുവന്നാൽ ഡോ. എം.എ. കുട്ടപ്പന്റെ പ്രശ്നം മാത്രമല്ല, ഇതുപോലുള്ള സംഗതികൾ നമ്മുടെ രാജ്യത്ത് ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം ചെയ്യാൻ പറ്റും എന്നുകൂടി അപ്പുറത്തും ഇപ്പുറത്തുമുള്ളവർക്ക് പറയാൻ അവസരമുണ്ടാകും. ആ അവസരം കൂടി നിഷേധിക്കുന്ന തരത്തിൽ ഒരു സമീപനം മുഖ്യമന്ത്രി എടുക്കുന്നതുകൊണ്ട് ഞാനും എന്റെ പാർട്ടിയും ഈ കാര്യത്തിൽ സഭ ബഹിഷ്ക്കരിച്ച് ഇറങ്ങിപ്പോകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ഇ.ടി. മുഹമ്മദ് ബഷീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തി)

ശ്രീ. കെ. നാരായണക്കുറുപ്പ് : സർ, കഴിഞ്ഞ ഒരു മാസക്കാലമായി എസ്.സി/എസ്.റ്റി വിഭാഗത്തിൽപ്പെട്ട സാധാരണക്കാരുടെ ജീവിതത്തെ സ്പർശിക്കുന്ന ഒരു പ്രശ്നത്തിൻമേൽ തർക്കമുണ്ടായതാണ്. ഒരു മാസം കഴിഞ്ഞിട്ടും അതിനെപ്പറ്റി യാതൊരു തീരുമാനവും ഉണ്ടാകാത്ത സാഹചര്യത്തിലാണ് ഈ നിയമസഭയിലെ ഒരംഗം, ഡോ. എം.എ. കുട്ടപ്പൻ ആ സമരത്തിന്റെ രണ്ടാം നിരയിലേയ്ക്ക് ഇറങ്ങിയിരിക്കുന്നത്. അദ്ദേഹത്തെ 7 ദിവസത്തിനുശേഷം ആശുപത്രിയിലേയ്ക്ക് മാറ്റി എന്നറിഞ്ഞു. ഇത്രയൊക്കെ ബുദ്ധിമുട്ടാണോ, എന്താണ് പ്രശ്നമെന്നു ചോദിക്കാൻ? ആ പ്രശ്നത്തിൻമേൽ കാര്യമായ സമാധാനമുണ്ടാക്കാൻ കഴിയുമോ എന്ന് ഇരുഭാഗവും തമ്മിൽ ആലോചിച്ചാൽ സമാധാനത്തോടുകൂടി തീർക്കാവുന്നതാണ്. ബഹു. ഇ.ടി. മുഹമ്മദ് ബഷീർ പറഞ്ഞതുപോലെ ചെറിയ ചെറിയ കാര്യങ്ങളെ വലുതാക്കാനാണ് താൽപ്പര്യമെങ്കിൽ, ആ വലുതാക്കിയാൽപ്പിന്നെ അത് എങ്ങനെ അവസാനിപ്പിക്കുമെന്നുള്ളതിനെപ്പറ്റി നമുക്ക് കാണേണ്ടതാണ്. എന്റെ അയൽവക്കത്തുള്ള പ്രദേശമാണ് സചിവോത്തമപുരം. അവിടെ ഒരു നിസ്സാരമായ കാര്യം. അതിൻമേൽ പിടിച്ചിട്ട് എന്തൊക്കെയാണ് ഇവിടെ സംഭവിച്ചത്? ആത്മഹൂതിവരെ നടന്നു. ഇവിടെയും എന്താണ് നടക്കാൻ പോകുന്നതെന്ന് കണ്ടറിയേണ്ടതാണ്. ഇതുപോലെ ചെറിയ പ്രശ്നങ്ങളെ നിസ്സാരമായി തള്ളിക്കൊണ്ട് ഓ, ദളിതനല്ലേ, എന്നു വിചാരിച്ച് തള്ളിമാറ്റിക്കൊണ്ട് പ്രശ്നങ്ങളെ കണ്ട് ചിന്തിച്ചാൽ അത് അപകട രേഖയിലേയ്ക്ക് കടക്കും എന്നു പറയേണ്ടതായിട്ടുണ്ട്. ഏതെങ്കിലും രീതിയിൽ അവരെ വിളിച്ച് സമാധാനപരമായ ഒരു അന്തരീക്ഷമുണ്ടാക്കി. ഇതിന്റെ 10 ശതമാനം ആനുകൂല്യം കിട്ടേണ്ടതാണെന്ന് സമ്മതിച്ചിട്ടുള്ളതാണ്; എന്തിനാണ് കടുംപിടിത്തം പിടിക്കുന്നത്. ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കിക്കൊടുക്കണം. മാത്രമല്ല, ഇതുപോലുള്ള പ്രശ്നങ്ങളിൽ ആവശ്യമില്ലാതെ രാഷ്ട്രീയവാശി പിടിച്ച് കുഴപ്പമുണ്ടാക്കുന്നത് നല്ലതല്ല. ഇതു മുന്നറിയിപ്പായിട്ട് പറയുന്നില്ല, എങ്കിലും നടപ്പാക്കാൻ പോകുന്ന നിങ്ങൾ അത് കണ്ടറിയും. ഞാൻ കൂടുതലായിട്ടൊന്നും പറയുന്നില്ല. ഈ പ്രശ്നം വളരെ പെട്ടെന്ന് തീർത്ത് ആശുപത്രിയിൽ നിരാഹാരത്തിൽ തുടരുന്ന എം.എൽ.എ.യെ പോയിക്കണ്ട് സംസാരിച്ച് ഇതിനൊരു അറുതിവരുത്തണമെന്ന് പറയാനുള്ള സാവകാശം നിങ്ങൾ കാണിക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും സഭവിട്ടിറങ്ങുന്നു.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. നാരായണക്കുറുപ്പും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തി).

ശ്രീ. ടി.എം. ജേക്കബ് : സർ, നെടുമ്പാശ്ശേരി വിമാനത്താവളം ആരംഭിച്ചതിലും അതിന്റെ നിർമ്മാണ പ്രവർത്തനങ്ങളിലും ഗണ്യമായ ഒരു പങ്കുവഹിച്ച ഒരു വ്യക്തിയാണ് ഞാൻ. ഈ വിമാനത്താവളം ഉണ്ടാകേണ്ടതും, അത് കേരളത്തിന്റെ പുരോഗതിക്ക് നിലനിൽക്കേണ്ടതും ആവശ്യമാണെന്ന് കരുതുന്നവരാണ് ഞങ്ങൾ. ഇവിടെ ഇരുപത്തേഴോളം ദളിത് സംഘടനകൾ ഈ സമര രംഗത്ത് വന്നപ്പോൾ ഉണ്ടായിരിക്കുന്ന പ്രശ്നം. പല സമര മാർഗ്ഗങ്ങൾ അവലംബിച്ചു. ബഹുമാനപ്പെട്ട എസ്. ശർമ്മയ്ക്ക് അറിയാം. ശ്രീ. ടി.കെ. രാമകൃഷ്ണൻ എറണാകുളം ജില്ലയിൽ നിന്നുള്ള മന്ത്രിയാണ്. ആ എറണാകുളം ജില്ല മുഴുവൻ ഇതിനെതിരെ സമരപ്രചരണ ജാഥ നടത്തി. ഇതിനകത്ത് കക്ഷി രാഷ്ട്രീയമില്ലാതെ, ഞാൻ മനസ്സിലാക്കിയിടത്തോളം സി.പി.എമ്മിന്റെ ഔദ്യോഗിക നേതൃത്വത്തിൽപ്പെടുന്ന ആളുകൾ ഒഴിച്ച് ബാക്കി എല്ലാ വിഭാഗം രാഷ്ട്രീയക്കാരും രംഗത്തുവന്ന് ഇതിനെ സപ്പോർട്ടു ചെയ്തിട്ടുണ്ട്. ആ ജില്ല

LIBRARY ARCHIVES Kerala Legislative Assembly

മുഴുവൻ, എല്ലാ നിയോജക മണ്ഡലങ്ങളും എല്ലാ പഞ്ചായത്തുകളും സ്പർശിച്ചുകൊണ്ടുതന്നെ അവർ ജാഥ നടത്തി. വളരെ ദീർഘമായ ജാഥ. അതിനു ശേഷമാണ് ഈ നിരാഹാരം ആരംഭിച്ചത്. അപ്പോൾ ഈ വിവരങ്ങളൊന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി അറിഞ്ഞില്ല എന്നുപറയാൻ സാധ്യമല്ല. അവിടെ ആകെ പറഞ്ഞിരിക്കുന്നത് എന്താണ്? അവിടത്തെ അപ്പോയിന്റ്മെന്റ് എനിക്ക് കൃത്യമായി അറിഞ്ഞുകൂടാ എന്നാണ്. ഈ സഭയിൽ ചോദിച്ച ഒരു ചോദ്യത്തിന് കൃത്യമായ മറുപടി ഇവിടെ വന്നിട്ടുമില്ല. 200 പേരെ നിയമിച്ചു എന്നാണ് പറയുന്നത്. അത് മുഖ്യമന്ത്രിയ്ക്കേ അറിയൂ. എനിക്കറിഞ്ഞുകൂടാ. 200 പേരെ നിയമിച്ചുവെങ്കിൽ ബാക്ക്ലോഗ് എത്രയാണ്? 20. ആ 20 ആളുകളുടെ ബാക്ക്ലോഗ് തീർക്കാനാണ് അവരാവശ്യപ്പെടുന്നത്. വളരെ ലളിതമായ ഒരു വിഷയമാണിത്. അപ്പോൾ അവിടെ കഴിഞ്ഞ ദിവസം എം.ഡി. പറഞ്ഞത് എന്താണ്? ഈ കഴിഞ്ഞ 17-ാം തീയതി അവിടെ 5 എം.എൽ.എ. മാർ- ശ്രീ. ഉമ്മൻചാണ്ടി, ശ്രീ. ജോണി നെല്ലൂർ, ശ്രീ. കെ. ബാബു, ശ്രീ. കെ. മുഹമ്മദാലി, ഡോ. എം.എ. കുട്ടപ്പൻ, (ഡോ. എം.എ. കുട്ടപ്പൻ നിരാഹാരം ഇരിക്കുന്നതിനുമുമ്പ്) ദളിത് സംഘടനകളുടെ സംസ്ഥാന ഭാരവാഹികൾ ഇവരെല്ലാം കൂടി എം.ഡി.യുടെ അടുത്തുചെന്നു. എം.ഡി.യുമായി ദീർഘനേരം സംസാരിച്ചു. എം.ഡി. പറഞ്ഞ ഒരു വാദമുഖം എന്താണെന്നു ചോദിച്ചാൽ, ഈ സ്ഥലമെടുത്ത ആളുകളുടെ കുടുംബങ്ങളിൽനിന്നും നിയമനം കൊടുത്തപ്പോൾ അതിൽ പത്തു പതിമൂന്ന് ദളിതർ വന്നിട്ടുണ്ട്. അത് ഇതിൽ മിക്സ് ചെയ്യാൻ പറ്റുമോ? ശ്രീ. ശർമ്മ പറയട്ടെ. ശ്രീ. ശർമ്മ എം.എൽ.എ. ആയിരുന്നപ്പോൾ ഞാൻ മന്ത്രി എന്നുള്ള നിലയിൽ ശ്രീ. ശർമ്മയുമായിട്ട് എത്ര പ്രാവശ്യം ചർച്ച നടത്തി എന്നുള്ളത് ശ്രീ. ശർമ്മയ്ക്ക് അറിയാം. അന്നുണ്ടാക്കിയ കരാറിൽ ഒന്ന് എന്താണ്? സ്ഥലം നഷ്ടപ്പെടുന്ന ആളുകൾക്ക് അവിടെ വരുന്ന നിയമനങ്ങളിൽ ജോലി കൊടുക്കണം. അതിനകത്ത് മുന്നോക്കക്കാരുടേത് പോയിക്കാണും. ദളിതരുടേത് പോയിക്കാണും. ദളിത് വിഭാഗത്തിൽ ആരുടെയെങ്കിലും വീട് പോയിട്ടുണ്ടെങ്കിൽ അവർക്ക് അവിടെ നിയമനം കൊടുക്കുക. ആ നിയമനം സംവരണത്തിന്റെ ഭാഗമാക്കി മാറ്റുന്നത് ശരിയാണോ? അത് ഒരിക്കലും ശരിയല്ല. അങ്ങനെയാണെങ്കിൽ പിന്നെ ബാക്കികാര്യങ്ങൾ എങ്ങനെ കൊണ്ടുപോകും? 20 ആളുകളുടെ നിയമനത്തിൽ ഇത്രവാശി എന്തിനാണ് പിടിക്കുന്നത്? ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടുള്ള ബഹുമാനം നിലനിർത്തിക്കൊണ്ട് ഞാൻ പറയട്ടെ, അങ്ങ് ഇവിടെ അൽപം മുമ്പ് പറഞ്ഞല്ലോ, ഡോ. എം.എ. കുട്ടപ്പൻ നൽകിയ കത്തിനകത്ത് ഒപ്പിട്ടിട്ടില്ല എന്ന്. അത് ഒരു കുറ്റമാണോ? ഒരു പക്ഷേ മിസ് ചെയ്തു പോയതായിരിക്കാം. അതാണ് കാരണമെന്ന് അങ്ങ് പറയുന്നത് ശരിയല്ല. അങ്ങയെപ്പോലുള്ള ഒരാൾ പറയുന്നത് ശരിയല്ല. ഒരു എം.എൽ.എ നൽകുന്ന കത്തിനകത്ത് സ്പീക്കർക്ക് കത്ത് കൊടുക്കാറുണ്ട് ചിലപ്പോൾ. ചിലപ്പോൾ എന്തെങ്കിലും കാരണവശാൽ മിസ് ചെയ്ത്പോയാൽ വിളിച്ചുപറയാറുണ്ട്. നിങ്ങൾ ഇതിനകത്ത് ഒപ്പിട്ടിട്ടുണ്ടോ എന്ന് മുഖ്യമന്ത്രിക്ക് ചോദിക്കാമായിരുന്നല്ലോ. വെരിഫൈ ചെയ്യാൻ എന്തെല്ലാം മാർഗ്ഗമുണ്ട്. ഒരു എം.എൽ.എ.യുടെ ഒപ്പ് വന്നില്ല എന്നുപറഞ്ഞ് ഒരു കത്തിനെ സംബന്ധിച്ച് ഒരു നിലപാട് മുഖ്യമന്ത്രിയെപ്പോലുള്ള ഒരാൾ സ്വീകരിക്കുന്നത് ശരിയല്ല. ഇത്രയും ഗൗരവമുള്ള ഒരു വിഷയം. ഇവിടെ ഡോ. എം.എ. കുട്ടപ്പൻ പ്രതിപക്ഷത്തിരിക്കുന്ന ഒരു എം.എൽ.എ. ആണ്. കുട്ടപ്പന്റെ നേതൃത്വത്തിൽ നടക്കുന്ന ഒരു സമരം, അതിനകത്ത് രാഷ്ട്രീയം ഇല്ലല്ലോ. അവിടെ എല്ലാ സംഘടനകളും വന്നിട്ട്, അവിടെ ആരും രാഷ്ട്രീയം പറഞ്ഞിട്ടല്ല സമരം നടത്തുന്നത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന് എതിരെ യു.ഡി.എഫ്. നടത്തുന്ന സമരമല്ല ഇത്. അങ്ങനെ ഒരു സാഹചര്യത്തിൽ സമരം നടത്തുന്നവരുമായിട്ട്

LIBRARY ARCHIVES Kerala Legislative Assembly

ഞങ്ങൾ ചർച്ച നടത്തുകയില്ല എന്ന ഒരു വാശി! ഞാൻ 21-ാം തീയതി പറഞ്ഞില്ലേ, പ്രസ്റിലീസ് കൊടുക്കുന്ന സമയത്ത് വിളിച്ച് ബഹുമാനപ്പെട്ട മുഖ്യ മന്ത്രിക്ക് സംസാരിക്കാൻ പാടില്ലേ? അങ്ങ് തന്നെ ഈ സഭ തുടങ്ങിയ ദിവസം വളരെ കാരുണ്യത്തോടുകൂടി ഒരു കാര്യം പറഞ്ഞല്ലോ. എം.എൽ.എ.യുടെ സമരം അവസാനിപ്പിക്കേണ്ടതാണെന്ന്. ചർച്ച തുടങ്ങിയ ദിവസം പറഞ്ഞതല്ലേ? ഇവിടെ എം.എൽ.എ.മാർ എത്ര പ്രാവശ്യം സമരം നടത്തിയിട്ടുണ്ട്. സഭാകവാടത്തിൽ ഇരുന്നിട്ടില്ലേ? അപ്പുറത്ത് ഇരിക്കുന്ന പലയാളുകളും ഇരുന്നിട്ടില്ലേ?

മി. സ്പീക്കർ : സഭയിൽ നൽകുന്ന ഉറപ്പിന് മറ്റെന്തിനെക്കാളും പ്രാധാന്യമുണ്ട് എന്നുള്ളതും വസ്തുതയാണ്.

ശ്രീ. ടി.എം. ജേക്കബ് : അതിനെ സ്മരിച്ചുകൊണ്ടു തന്നെയാണ് പറയുന്നത്. ഇവിടെ എം.എൽ.എ.മാർ നടത്തിയ എത്ര സമരങ്ങൾ. സഭയിൽ നമ്മൾ ചില അഷ്വറൻസ് കൊടുത്തതിനുശേഷം എത്രയോ കാര്യങ്ങളിൽ എം.എൽ.എ. മാരുമായി മന്ത്രിമാർ, മുഖ്യമന്ത്രിയടക്കമുള്ള ആളുകൾ വിളിച്ചിരുത്തി സംസാരിച്ച് പ്രശ്നങ്ങൾ തീർത്തിട്ടുണ്ട്. എത്രയെത്ര ഇൻസിഡന്റുകൾ വേണമെങ്കിലും പറഞ്ഞുതരാം. ഞാൻ അതിലേയ്ക്ക് പോകാൻ ഉദ്ദേശിക്കുന്നില്ല. അതുകൊണ്ട് ഈ കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. ഇതൊരു ദുർവാശിയാണ്. അങ്ങനെ ഒരു സമീപനം സ്വീകരിക്കരുത്. ഇത് ഒരു ഗവൺമെന്റിന് നല്ലതല്ല. സമരങ്ങൾ അടിച്ചമർത്തുമെന്ന് ഒരു ഭാഷയുപയോഗിച്ചാൽ ദളിതർ മാത്രമല്ല അതിൽ നിൽക്കുന്നത്. അവിടെ നടക്കുന്ന സമരത്തിൽ എല്ലാവരും പങ്കെടുക്കേണ്ടിവരും. അതിനെ മറ്റൊരു അന്തരീക്ഷത്തിലേയ്ക്ക് കൊണ്ടെത്തിക്കരുത്. ഡോ.കുട്ടപ്പനെ അറസ്റ്റ് ചെയ്യാൻ വലിയ പോലീസ് സന്നാഹമൊന്നും അയയ്ക്കേണ്ട കാര്യമില്ല. ഒരു എം.എൽ.എ. നയിക്കുന്ന സമരത്തിനകത്ത് പത്തിരുന്നൂറ് പോലീസ് പോയി ബലമായി പിടിച്ചുകൊണ്ട് പോകുക. അത് ശരിയൊന്നുമല്ല. ഇവിടെ നിരാഹാര സമരം നടത്താനുള്ള അവകാശം ഒരു എം.എൽ.എ.യ്ക്കുണ്ട്. അദ്ദേഹം ആശുപത്രിയിൽ മരുന്നു കഴിക്കാതിരുന്നാൽ എന്തു ചെയ്യും? നിരാഹാര സമരം എന്നുപറയുമ്പോൾ അതിന് അതിന്റേതായ ഒരു പ്രത്യേകയുണ്ട്. അതുകൊണ്ട് ഈ സമരത്തോട് അവലംബിച്ച നിലപാട് തികച്ചും തെറ്റായിപ്പോയി. ഈ പ്രശ്നം പരിഹരിക്കാൻ ഗവൺമെന്റ് ആവശ്യമുള്ള നടപടികൾ സ്വീകരിക്കാത്തതിൽ പ്രതിഷേധിച്ച് ഞങ്ങളും ഈ വാക്കൗട്ടിൽ പങ്കെടുക്കുകയാണ്.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ടി.എം. ജേക്കബും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തി. ശ്രീമതി കെ. ആർ. ഗൗരിയമ്മയും സഭവിട്ടു പുറത്തുപോയി.)

പ്രതിപക്ഷാംഗങ്ങൾ അൽപ സമയത്തിനുശേഷം സഭയിൽ തിരിച്ചെത്തി.

[10 A.M.] മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സ്പീക്കർ സർ, പ്രതിപക്ഷം കണക്കുപറഞ്ഞത് സത്യവിരുദ്ധമായിട്ടാണ്. ആകെ 302 എംപ്ലോയീസിൽ 42 പേർ ദളിതിന്റേതാണ്. 10 ശതമാനമേ വേണ്ടൂ. അതിനേക്കാളധികമുണ്ട്. ഒന്ന്, നെടുമ്പാശ്ശേരി എയർപോർട്ട്, മറ്റൊന്ന് എയർ ഇന്ത്യ, രണ്ടിന്റേയും കണക്ക് നോക്കുമ്പോൾ ഇപ്പോൾ 42 പേരുണ്ട്. ആകെയുള്ള എംപ്ലോയീസ് 302 പേരാണ്. പത്തു ശതമാനത്തിലധികമില്ലേ? അപ്പോൾ ഇവിടെ പറഞ്ഞ കണക്ക് ശരിയല്ല. സത്യവിരുദ്ധമാണ്. റിസർവേഷൻ പ്രകാരംതന്നെ അവർക്കുണ്ട്. ഞാൻ അസംബ്ലിയിൽ പറഞ്ഞ കണക്ക് അംഗീകരിക്കണമെന്നാണ്. അസംബ്ലിക്കു മുകളിൽ ഒരു നേതാവുണ്ടോ ഇവിടെ? അസംബ്ലി

LIBRARY ARCHIVES Kerala Legislative Assembly

യിൽ പറഞ്ഞാൽ അദ്ദേഹത്തിന് പിൻവലിക്കാമല്ലോ. ഞാൻ പിൻവലിക്കാൻ അഭ്യർതത്ഥിക്കുകയും ചെയ്തു. അതും കൂട്ടാക്കിയില്ല. 42 പേരുണ്ട്. ഇരുപതല്ല. ഇതാണ് കണക്ക്. കണക്ക് കൃത്യമാണ്.

III. ശ്രദ്ധക്ഷണിക്കൽ

(1) കേന്ദ്രസർക്കാർ തീരുമാനംമൂലം സംസ്ഥാനത്തെ സ്റ്റാറ്റ്യൂട്ടറി റേഷൻ സമ്പ്രദായം നേരിട്ടേക്കാവുന്ന പ്രശ്നങ്ങൾ

<u>ശ്രീ. എ. കണാരൻ</u> : സർ, റേഷൻ വില കുത്തനെ ഉയർത്താനും റേഷൻ വാങ്ങുന്നവരുടെ എണ്ണം വീണ്ടും പരിമിതപ്പെടുത്താനും 60 ലക്ഷം കാർഡുടമകളെ 15 ലക്ഷമാക്കി കുറയ്ക്കാനും കേന്ദ്രത്തിലെ ബി.ജെ.പി. ഗവൺമെന്റ് നടത്തുന്ന നീക്കം അങ്ങേയറ്റം പ്രതിഷേധാർഹമാണ്. കടുത്ത അമർഷത്തോടെ മാത്രമേ ഇതിനെ നോക്കാൻ നമുക്കുകഴിയൂ. സംസ്ഥാനത്താകെ വിലക്കയറ്റത്തിനും കടുത്ത ദുരിതത്തിനും വഴിവയ്ക്കുന്ന ഈ തീരുമാനത്തിൽനിന്നും കേന്ദ്ര സർക്കാർ ഏറ്റവും വേഗം, അടിയന്തിരമായി, പിന്തിരിയണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. കേന്ദ്രഗവൺമെന്റിന്റെ നിർദ്ദേശം കേരളത്തിലെ സാധാരണക്കാരന് ഇരുട്ടടിയായി മാറുകയാണ്. ജനുവരി 31-ന് ബാംഗ്ലൂരിൽ വച്ചുകൂടിയ ഭക്ഷ്യ വകുപ്പുമന്ത്രിമാരുടെ സമ്മേളനത്തെത്തുടർന്നാണ് കേരളത്തിന്റെ ശക്തമായ പ്രതിഷേധത്തെ വകവയ്ക്കാതെ, എന്തു പറഞ്ഞിട്ടും കേൾക്കാതെ ഇവിടുത്തെ ജനങ്ങളെ കണ്ണീർ കുടിപ്പിക്കുന്ന നിർദ്ദേശം കേന്ദ്ര ഗവൺമെന്റ് നമ്മുടെ സംസ്ഥാന ഗവൺമെന്റിന്റെമേൽ അടിച്ചേൽപ്പിച്ചത്. നാണ്യവിളവിൽ പ്രാധാനമായ കേരളം ദീർഘകാലമായി വലിയ ഭക്ഷ്യധാന്യക്കമ്മി നേരിടുകയാണ്. ഇത്തരം ഒരു അവസ്ഥയിൽ കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരത്തോടുകൂടിയാണ് ഇവിടെ സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായം ഏർപ്പെടുത്തിയത്. 40 വർഷം മുമ്പ് തുടങ്ങിയതാണ് ഈ പ്രസ്ഥാനം. വിപുലമായ പൊതുവിതരണ സമ്പ്രദായം ഏർപ്പെടുത്തിയിട്ടാണ് കേരളം ഭക്ഷ്യാവശ്യങ്ങൾ നിർവഹിക്കുന്നത്. മുഴുവൻ ജനങ്ങളെയും റേഷന്റെ പരിധിയിൽ കൊണ്ടുവരുന്നതുകൊണ്ടാണ് സംസ്ഥാനത്തിന് വിലക്കയറ്റത്തെ നിയന്ത്രിക്കാനും പിടിച്ചുനിർത്താനും കഴിഞ്ഞത്. എന്നാൽ പൊതുവിതരണ സമ്പ്രദായത്തിന്റെ ഈ സാമൂഹ്യ സാമ്പത്തിക വശം കണ്ടില്ലെന്ന് നടിച്ച് ഈ ഇനത്തിലുള്ള ചെലവ് പാഴ്ച്ചെലവായി ചിത്രീകരിക്കാനാണ് മുൻ കേന്ദ്ര കോൺഗ്രസ്സ് ഗവൺമെന്റ് ശ്രമിച്ചത്. അതിന്റെയടിസ്ഥാനത്തിൽ റേഷൻ സബ്സിഡി വെട്ടിക്കുറച്ച് ഭക്ഷ്യധാന്യവില കമ്പോള നിരക്കിനു തുല്യമാക്കാനുള്ള നീക്കം കോൺഗ്രസ് ഗവൺമെന്റ് ആരംഭിച്ചുവെന്നുമാത്രമല്ല, ജനസംഖ്യയിൽ നല്ലൊരു വിഭാഗത്തെ റേഷൻ സംവിധാനത്തിനു പുറത്താക്കുകയും ചെയ്തു. ഇതാണ് കോൺഗ്രസ്സ് ചെയ്ത തെറ്റ്. കോൺഗ്രസ്സിന്റെ അതേ നയം തന്നെയാണ് ഇപ്പോൾ ബി.ജെ.പി. ഗവൺമെന്റ് പിന്തുടരുന്നത്. അതിന്റെയടിസ്ഥാനത്തിൽ റേഷൻ വസ്തുക്കളുടെ വില വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശം ബാംഗ്ലൂരിൽ വച്ചുകൂടിയ യോഗത്തിൽ ഉന്നയിക്കപ്പെട്ടുവെങ്കിലും ഗുണഭോക്താക്കളുടെ എണ്ണം വെട്ടിക്കുറച്ച് സംസ്ഥാനത്തിന്റെ മൊത്തം റേഷൻ വിഹിതം താഴോട്ട് കൊണ്ടുവരാനുള്ള നീക്കം കേന്ദ്രം ആലോചിച്ചുവരുന്നു. ഈ നടപടികൾ വിലനിലവാരം ഉയർത്തുമെന്ന കാര്യത്തിൽ തർക്കമില്ല. ജനജീവിതം ദുസ്സഹമാക്കും. അതുകൊണ്ട് ഇത്തരം ജനദ്രോഹ നടപടികളിൽ നിന്ന് പിന്തിരിയണം. ഇത്തരത്തിൽ ഏതുജനവിരുദ്ധ നീക്കത്തെയും കേരള ജനത ഒറ്റക്കെട്ടായി ചെറുക്കണം. സബ്സിഡി വെട്ടിക്കുറച്ച് വില

LIBRARY ARCHIVES Kerala Legislative Assembly